"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പോലീസ് വകുപ്പിൽ ഹെഡ് കോൺസ്റ്റബിൾ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ നിര്യാതനായ ജ്യോതിഷ് കുമാർ ബി എസ് - ന്റെ മകൾ കുമാരി. അഞ്ജു.ജെ.എസ് ആശ്രിത നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആഭ്യന്തര (കെ) വകുപ്പ്

സ.ഉ.(കൈ) നം.99/2025/HOME തീയതി,തിരുവനന്തപുരം, 06-06-2025

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി) നം. 12/99/ഉ.ഭ.പ.വ.
2. കുമാരി. അഞ്ജു.ജെ.എസ്-ന്റെ 20/04/2018 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
3. സംസ്ഥാന പോലീസ് മേധാവിയുടെ 15/09/2018 ലെ എം4(എ)-103233/2018/പി.എച്ച്.ക്യു നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 21/11/2019-ലെ ഡി.സി.റ്റി.വി.എം/4946/2018-എസ്6 നമ്പർ കത്ത്.
5. 13/12/2022-ലെ സ.ഉ.(സാധാ) നം.3548/2022/ആഭ്യന്തരം
6. കുമാരി. അഞ്ജു.ജെ.എസ്-ന്റെ 16/03/2023 തീയതിയിലെ ആശ്രിത നിയമന തസ്തികമാറ്റ അപേക്ഷ.
7. സംസ്ഥാന പോലീസ് മേധാവിയുടെ 08/05/2023 ലെ എം4(എ)-73721/2023/പി.എച്ച്.ക്യു നമ്പർ കത്ത്.
8. സംസ്ഥാന പോലീസ് മേധാവിയുടെ 21/04/2025 ലെ എം4(എ)-58860/2025/പി.എച്ച്.ക്യു നമ്പർ കത്ത്.

**ഉത്തരവ്**

പോലീസ് വകുപ്പിൽ ഹെഡ് കോൺസ്റ്റബിൾ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 02.07.2005 ൽ നിര്യാതനായ ജ്യോതിഷ് കുമാർ ബി എസ് - ന്റെ മകൾ കുമാരി. അഞ്ജു.ജെ.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് പരാമർശം 2 പ്രകാരം ആശ്രിത നിയമന അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം 3, 4 എന്നിവ പ്രകാരം യഥാക്രമം സംസ്ഥാന പോലീസ് മേധാവിയും, തിരുവനന്തപുരം ജില്ലാ കളക്ടറും ശിപാർശ ചെയ്യുകയും, കുമാരി. അഞ്ജു.ജെ.എസ് ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ 1 വർഷത്തെയും, 3 മാസത്തെയും, 4 ദിവസത്തെയും കാലതാമസം മാപ്പാക്കി പരാമർശം 5 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2) എന്നാൽ കുമാരി. അഞ്ജു.ജെ.എസ്-ന്റെ ആശ്രിത നിയമന അപേക്ഷയിൽ നടപടി സ്വീകരിച്ചുവരവെ എൽ.ഡി.ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം

ഉണ്ടാകുമെന്നതിനാൽ പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് തസ്തികമാറ്റം ആവശ്യപ്പെട്ട് കുമാരി അഞ്ജു ജെ.എസ് പരാമർശം 6 പ്രകാരം തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3) പരേതന്റെ മരണ സമയത്ത് അപേക്ഷകൻ മൈനർ ആണെങ്കിൽ, പ്രായപൂർത്തിയായി 3 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും ഇതേ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ജ്യോതിഷ് കുമാർ ബി.എസ്-ന്റെ മരണ സമയത്ത് മൈനറായിരുന്ന അപേക്ഷക (ജനന തീയതി 16/01/1996) ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിലും, തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്. ടിയാൾ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് മാറ്റം ആവശ്യപ്പെട്ട് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിൽ 6 വർഷത്തേയും 2 മാസത്തേയും 1 ദിവസത്തേയും കാലതാമസം ആണ് ഉണ്ടായിട്ടുള്ളത്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി അഞ്ജു ജെ.എസ് പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കാവശ്യമായ ശാരീരിക-കായിക-ആരോഗ്യ ക്ഷമത കൈവരിച്ചിട്ടുള്ളതായും, പ്രസ്തുത തസ്തികയിലേക്ക് പരിഗണിക്കുന്നതിന് യോഗ്യയാണെന്നും പരാമർശം 7 പ്രകാരവും, അപേക്ഷകയ്ക്ക് ഉയർന്ന പ്രായപരിധിക്ക് അർഹതയുണ്ടെന്ന് പരാമർശം 8 പ്രകാരവും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, നിലവിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം തക്കതായ കാരണമായി പരിഗണിച്ചും, പോലീസ് വകുപ്പിൽ ഹെഡ് കോൺസ്റ്റബിൾ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 02/07/2005- ൽ നിര്യാതനായ ജ്യോതിഷ് കുമാർ ബി.എസ്-ന്റെ മകൾ കുമാരി. അഞ്ജു ജെ. എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് ആശ്രിത നിയമന തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 6 വർഷത്തേയും 2 മാസത്തേയും 1 ദിവസത്തേയും കാലതാമസം മാപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

കുമാരി അഞ്ജു.ജെ.എസ്, ലീല ഭവൻ, കുമിളി നഗർ, പാച്ചല്ലൂർ പി ഒ, തിരുവല്ലം പി.ഒ,തിരുവനന്തപുരം - 695027
പൊതുഭരണ (എസ്.സി വകുപ്പ്) 05/06/2025-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ ഇനം നം. 2993 പ്രകാരം)
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (24/01/2025 ലെ RULES-3/337/2024-P&ARD പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 06-06-2025 18:56:25

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 05-06-2025**

ഫയൽ നം. കെ3/492/2018/ആഭ്യന്തരം. ഇനം നം: 2993

വിഷയം : ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി കുമാരി അഞ്ജു. ജെ.എസ്. തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
0 5 JUN

2993

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | കെ3/492/2018/ ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (കെ) വകുപ്പ് |
| 3. വിഷയം | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി കുമാരി അഞ്ജു.ജെ.എസ് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15/03/2025 |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br><br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അല്ല<br><br>ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി രശ്മി.എ.ആർ |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05/05/2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/05/2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26/05/2025 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27/05/2025 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

1) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി കുമാരി അഞ്ജു.ജെ.എസ് സമർപ്പിച്ച തസ്തികമാറ്റ അപേക്ഷയിലെ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പോലീസ് വകുപ്പിൽ ഹെഡ് കോൺസ്റ്റബിൾ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 02.07.2005 ൽ നിര്യാതനായ ജ്യോതിഷ് കുമാർ ബി എസ് -ന്റെ മകൾ തിരുവനനന്തപുരം, തിരുവല്ലം, പാച്ചല്ലൂർ, കുമിളി നഗർ, ലീല ഭവനിൽ കുമാരി. അഞ്ജു.ജെ.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് 20/04/2018-ൽ അപേക്ഷ സമർപ്പിക്കുകയും, പ്രസ്തുത അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായിരുന്നതിനാൽ 13/12/2022-ലെ സ.ഉ.(സാധാ)നം.3548/2022/ആഭ്യന്തരം പ്രകാരം കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും, പോലീസ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ഒഴിവ് ഒന്നും തന്നെ ഇല്ലാത്തതിനാൽ മറ്റ് വകുപ്പുകളിലെ ഒഴിവിനനുസരിച്ച് കുമാരി അഞ്ജു ജെ എസ് -നെ നിയമിക്കുന്നതിനുള്ള ഒഴിവ് അറിയിക്കുന്നതിലേയ്ക്കായി ടിയാളെ സംബന്ധിച്ച വിവരങ്ങൾ പൊതുഭരണ വകുപ്പിന് നൽകുകയും ചെയ്തിരുന്നു. എന്നാൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് തസ്തികമാറ്റം ആവശ്യപ്പെട്ട് കുമാരി അഞ്ജു ജെ എസ് 16/03/2023 -ൽ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3) പരേതന്റെ മരണ സമയത്ത് അപേക്ഷകൻ മൈനർ ആണെങ്കിൽ, പ്രായപൂർത്തിയായി 3 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് 24.05.1999 ലെ G.O.(P)No.12/99/P&ARD-ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തസ്തികമാറ്റത്തിനുള്ള അപേക്ഷ

സമർപ്പിക്കേണ്ടതും ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ജ്യോതിഷ് കുമാർ ബി.എസ്-ന്റെ മരണ സമയത്ത് മൈനറായിരുന്ന അപേക്ഷക ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിലും, തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്. ടിയാൾ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് മാറ്റം ആവശ്യപ്പെട്ട് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിൽ 6 വർഷത്തേയും 2 മാസത്തേയും 1 ദിവസത്തേയും കാലതാമസം ആണ് ഉണ്ടായിട്ടുള്ളത്.

4) നിലവിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുവാൻ വരുത്തിയ കാലതാമസം മാപ്പാക്കുവാൻ വ്യവസ്ഥയില്ല. കൂടാതെ രണ്ട് വർഷത്തിൽ കൂടുതൽ കാലതാമസമുള്ള അപേക്ഷകൾ തക്കതായ കാരണമില്ലാതെ മന്ത്രിസഭയ്ക്ക് മുൻപാകെ കൊണ്ടുവരാൻ പാടില്ലായെന്ന് 07.04.2022 - ലെ ഉ.പ.സി 02/88/2022/ഉ.ഭ.പ.വ നമ്പർ പരിപത്രവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒരു തക്കതായ കാരണമായി പരിഗണിച്ച് കുമാരി അഞ്ജു.ജെ.എസ് പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് മാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ 6 വർഷത്തേയും 2 മാസത്തേയും 1 ദിവസത്തേയും കാലതാമസം മാപ്പാക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി. കുമാരി അഞ്ജു.ജെ.എസ് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുമ്പോൾ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് ജനറൽ കാറ്റഗറിയിലെ ഉയർന്ന പ്രായപരിധിയായ 26 വയസ് അധികരിച്ചതിനാൽ കുമാരി അഞ്ജു. ജെ.എസ് പട്ടികജാതി വിഭാഗക്കാർക്കുള്ള ഉയർന്നപ്രായപരിധിക്ക് അർഹയാണെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം സഹിതം വിശദമായ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും വാങ്ങി പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം പരിഹരിച്ചുനൽകുന്ന കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

5) കുമാരി അഞ്ജു.ജെ.എസ് ഹിന്ദു ചേരമർ വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്നും, അപേക്ഷകയ്ക്ക് ഉയർന്ന പ്രായപരിധിക്ക് അർഹതയുണ്ടെന്നും തിരുവനന്തപുരം തഹസീൽദാർ നൽകിയ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് സഹിതം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശ്രിതനിയമന അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ല.

## തീരുമാനിക്കേണ്ട സംഗതി

പോലീസ് വകുപ്പിൽ ഹെഡ് കോൺസ്റ്റബിൾ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 02/07/2005- ൽ നിര്യാതനായ ജ്യോതിഷ് കുമാർ ബി.എസ്-ന്റെ മകൾ കുമാരി. അഞ്ജു ജെ. എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് ആശ്രിത നിയമന അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 6 വർഷത്തേയും 2 മാസത്തേയും 1 ദിവസത്തേയും കാലതാമസം മാപ്പാക്കി നൽകാവുന്നതാണോ.?